LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3	വൈദ്യുതീകരണം	24.26	പദ്ധതി പൂർത്തീകരിച്ചു.
4	ഹൈമാസ്റ്റ്‌ലൈറ്റ് (4 എണ്ണം)	24.00	പദ്ധതി പുരോഗമിക്കുന്നു.
5	കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം	135.00	പദ്ധതി പുരോഗമിക്കുന്നു.
6	കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം	20.52	പദ്ധതി ആരംഭഘട്ടത്തിലാണ്.
7	പയ്യോളി കുടിവെള്ള പദ്ധതി	86.00	50% പൂർത്തീകരിച്ചു.
8	ചേമഞ്ചേരി കുടിവെള്ള പദ്ധതി	37.00	80% പൂർത്തീകരിച്ചു.
9	പയ്യോളി മത്സ്യമാർക്കറ്റ്	115.63	85%പൂർത്തീകരിച്ചു.
10	പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി.ബ്ലോക്ക് നിർമ്മാണം	123.00	ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.
11	പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം	17.00	പദ്ധതി പൂർത്തീകരിച്ചു.
12	പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം	500.00	70% പൂർത്തീകരിച്ചു.
13	ഹൈമാസ്റ്റ്‌ലൈറ്റ് ഇരിങ്ങൽ (3 എണ്ണം)	21.00	പദ്ധതി പുരോഗമിക്കുന്നു.

പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

135(139) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS ഇതുവരെ എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയുമോ ;

(ബി) ഇതുവരെയായി എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചുവെന്നും പഠനം പൂർത്തിയാക്കി പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS പുനെ പഠനം നടത്തിവരികയാണ്. ഇതിനായി Tidal details, Current data, Salinity, Suspended Sediments തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 36,59,804 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 2,32,194 രൂപ, മാതൃകാപഠനം 34,27,610 രൂപ CWPRS-ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ചുമാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS-ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ-നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിനുശേഷമേ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

136 (140) കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ, സംസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നടപ്പാക്കുന്നതിന് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാം ; ആയത് അടങ്ങിയ രേഖകൾ ലഭ്യമാക്കാമോ ;

(ബി) വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിക്കുന്നതിന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലുണ്ടായിരുന്ന തടസ്സങ്ങൾ എന്തെല്ലാം ; ഇത് മാറ്റി കിട്ടുന്നതിന് അദാനി പോർട്ട്സും സംസ്ഥാന സർക്കാരും സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly